LIBRARY ARCHIVES Kerala Legislative Assembly

രാജീവ് ആവാസ് യോജന പദ്ധതി - ചേരി വികസനം

100 (3384) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരി വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് അഞ്ച് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം കോർപ്പറേഷനിലെ മതിപ്പുറം കോളനി (പദ്ധതി തുക 71.86 കോടി രൂപ), കൊല്ലം കോർപ്പറേഷനിലെ SMP പാലസ് കോളനി (പദ്ധതി തുക 17.5 കോടി രൂപ), കൊച്ചി കോർപ്പറേഷനിലെ തുരുത്തി കോളനി (പദ്ധതി തുക 67.62 കോടി രൂപ), തൃശ്ശൂർ കോർപ്പറേഷനിലെ നെല്ലങ്കര ഹരിജൻ ലക്ഷംവീട് കോളനി (പദ്ധതി തുക 1.34 കോടി രൂപ), കോഴിക്കോട് കോർപ്പറേഷനിലെ മാലൂർകുന്ന് കോളനി (പദ്ധതി തുക 1.88 കോടി രൂപ) എന്നിവയാണ് അംഗീകാരം ലഭിച്ചിട്ടുള്ള അഞ്ച് പദ്ധതികൾ.

കൊച്ചി നഗരസഭ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതി

101 (3385) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭ സ്വന്തം നിലയിൽ ഒരു ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് പദ്ധതിയുടെ ഭാഗമായാണ് ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത് ; വിശദമാക്കുമോ ;

(സി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) JNNURM പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) കൊച്ചി നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള 24 മോഡ്യൂളുകളും, വെബ്സൈറ്റും അവശ്യാവശ്യമായ അനുബന്ധ ഉപകരണങ്ങളും ഡാറ്റാ സെന്ററും ഉൾപ്പെടെയുള്ള ഒരു സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതിയാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പ്രവർത്തനക്ഷമമാക്കാനാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

കൊല്ലം ചിന്നക്കട അണ്ടർപാസിന്റെ നിർമ്മാണപുരോഗതി

102(3386) ശ്രീ. കെ. എം. ഷാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ചിന്നക്കട അണ്ടർപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കിവരുന്നത്;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഏതൊക്കെ ഇനങ്ങളിലുള്ള ഫണ്ടുകളാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്?

ഉത്തരം

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായാണ് നടപ്പിലാക്കി വരുന്നത്.

(ബി) നിർമ്മാണപ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

(സി) 2015 ജനുവരിയിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) എ.ഡി.ബി. ലോണും, കോർപ്പറേഷന്റെ പ്ലാൻ ഫണ്ടുമാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly